I ഇ.ബി. XV - കേരള നിയമസഭ/IX-6

പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 സെപ്റ്റംബർ 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I. **തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 3571-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 02-03-2023-ലെ നക്ഷത്രചിഹ്നമിടാത്ത 3571-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഉന്നത വിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയം

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം

മി. സ്പീക്കർ: ആലുവയിൽ കുടുംബത്തോടൊപ്പം കിടന്നുറങ്ങിയ പിഞ്ചുകുഞ്ഞിനെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചതുൾപ്പെടെ സംസ്ഥാനത്ത് കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ള ആശങ്ക സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അൻവർ സാദത്ത്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം ആലുവയിൽ ബീഹാർ സ്വദേശികളുടെ വീട്ടിൽ അതിക്രമിച്ചുകയറി എട്ടുവയസ്സുകാരിയെ കടത്തിക്കൊണ്ടുപോയി പീഡിപ്പിച്ച സംഭവത്തിൽ ആലുവ ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് സത്വര നടപടി സ്വീകരിക്കുകയും കുട്ടിക്ക് ഗുരുതരമായി പരിക്കേറ്റതിനാൽ കളമശ്ശേരി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്. സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചും പ്രതി മോഷ്ടിച്ച മൊബൈൽ ഫോണിന്റെ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ചും നടത്തിയ അന്വേഷണത്തെത്തുടർന്ന് അന്ന്

വൈകുന്നേരത്തോടെ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. തിരൂരങ്ങാടിയിൽ മധ്യപ്രദേശ് സ്വദേശിയായ നാല് വയസ്സായ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച സംഭവത്തിൽ തിരൂരങ്ങാടി പോലീസ് സ്റ്റേഷനിലും ആലപ്പുഴ അർത്തുങ്കലിൽ 15 വയസ്സായ പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിൽ അർത്തുങ്കൽ പോലീസ് സ്റ്റേഷനിലും കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സമാന സംഭവങ്ങളിലെല്ലാം പോലീസ് കുറ്റമറ്റ അന്വേഷണം നടത്തുകയും പ്രതികളെ അതിവേഗം നിയമത്തിനുമുന്നിൽ കൊണ്ടുവരികയും ഇത്തരം സംഭവങ്ങളുണ്ടാകുന്ന അവസരങ്ങളിലെല്ലാം പോലീസ് ശക്തമായ നടപടി സ്വീകരിക്കുകയും പ്രതികളെ സമയബന്ധിതമായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: ആലുവയിൽ മാത്രം ഒന്നര മാസത്തിനിടയിൽ ഇത്തരത്തിലുള്ള രണ്ട് സംഭവങ്ങളാണുണ്ടായിട്ടുള്ളത്. ടി സംഭവങ്ങളുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തുവെന്നതിൽ തർക്കമില്ല. പക്ഷേ കുറ്റകൃത്യങ്ങൾ നടന്നതിനുശേഷം പ്രതികളെ കണ്ടെത്തുന്നതിനുപകരം അവ നടക്കുന്നതിനുമുമ്പ് ആയത് തടയാനും ജനങ്ങളുടെ സ്വത്തിനും ജീവനും സുരക്ഷയൊരുക്കാനും സർക്കാരിന് കഴിയണം. അക്കാര്യത്തിൽ സർക്കാർ

പരാജയപ്പെട്ടിരിക്കുകയാണ്. ആഭ്യന്തര വകുപ്പ് നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. ഒരു ഗൂഢസംഘത്തിന്റെ നിയന്ത്രണത്തിലാണോ ആഭ്യന്തര വകുപ്പ് പ്രവർത്തിക്കുന്നതെന്ന സംശയത്തിന് വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി മറുപടി പറയണം. മൊബൈൽ ഫോൺ മോഷണം നടന്നത് കുട്ടിയെ പീഡിപ്പിച്ച സംഭവത്തിനുശേഷമാണോയെന്ന കാര്യത്തിൽ വ്യക്തത വരുത്തിയിട്ടില്ല. മൊബൈൽ ഫോൺ മോഷ്ടിച്ചതും മോഷണ ശ്രമം നടത്തിയതും ഇതേ പ്രതി തന്നെയാണ്. പ്രസ്തുത സംഭവം റിപ്പോർട്ട് ചെയ്ത ഉടൻതന്നെ പോലീസ് ആ വീടുകളിലെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ച് ജാഗ്രതയോടെ പ്രവർത്തിച്ചിരുന്നെങ്കിൽ പ്രതിയെ നേരത്തെ പിടികൂടാനും ഈ ദാരുണമായ സംഭവം ഒഴിവാക്കാനും സാധിക്കുമായിരുന്നു. പോലീസ് നിഷ്ക്രിയമായതിനാലും പട്രോളിംഗ് ശക്തമല്ലാത്തതിനാലും പോലീസിൽ മതിയായ സേനാംഗങ്ങൾ ഇല്ലാത്തതിനാലുമാണ് ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. സി.പി.ഒ. തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് നടത്തിയാൽ ചെറുപ്പക്കാർക്ക് തൊഴിലവസരം ലഭ്യമാക്കാനും ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാനും കഴിയും. ആലുവ ഗസ്റ്റ് ഹൗസിൽ വി.ഐ.പി.-കളുടെ സുരക്ഷ ഉറപ്പാക്കാനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതോടൊപ്പം പ്രദേശവാസികളുടെയും സുരക്ഷ ഉറപ്പാക്കണം. കോഴിക്കോട് മെഡിക്കൽ

കോളേജിൽ ഉൾപ്പെടെ നിരവധി പീഡന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും പോലീസ് കർശന നടപടി സ്വീകരിക്കാത്തതിനാലാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത്. ലഹരി ഉപയോഗം വർദ്ധിക്കുന്നതും ഇത്തരം സംഭവങ്ങളുണ്ടാകുന്നതിന് കാരണമാണ്. കുറ്റകൃത്യങ്ങൾ ഓരോ ദിവസവും വർദ്ധിക്കുകയാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആലുവയിലുണ്ടായ ദൗർഭാഗ്യകരമായ സംഭവത്തിലെ കുറ്റവാളികൾ രക്ഷപ്പെടാൻ പാടില്ല. ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനായി സർക്കാർ ഉചിതമായ നടപടികളാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ ക്രമസമാധാനനില രാജ്യത്തിനുതന്നെ അഭിമാനകരമായ രീതിയിൽ ഏറെ മുന്നിലാണ്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്ന ഉത്തരവാദിത്വം അഭിമാനകരമായ രീതിയിൽത്തന്നെയാണ് നിർവ്വഹിക്കപ്പെടുന്നത്. നാടിന്റെ ഭദ്രത കാത്തുസൂക്ഷിക്കാൻ കഴിയുന്നുണ്ടെന്ന് മാത്രമല്ല അതിൽ ജനങ്ങളും നല്ല രീതിയിൽ സഹകരിക്കുന്നുണ്ട്. നമ്മുടെ നാടിന്റെ സംസ്കാരത്തിന് വിരുദ്ധമായി ഏതെങ്കിലും സംഭവങ്ങളുണ്ടായാൽ അതിനോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിക്കുന്നത്. വർഗ്ഗീയ

ശക്തികളുടെ ഭാഗത്തുനിന്നും എന്തെങ്കിലും നീക്കങ്ങളുണ്ടായാൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതുകൊണ്ടാണ് അഭിമാനകരമായ അന്തരീക്ഷവും ക്രമസമാധാനവും നിലനിർത്താൻ സാധിക്കുന്നത്. കേരളത്തിലെ ആഭ്യന്തര വകുപ്പ് ശരിയായ രീതിയിലാണ് മുന്നോട്ടുപോകുന്നത്. ആലുവയിലെ സംഭവം അറിഞ്ഞയുടനെ ഉത്തരവാദപ്പെട്ട പോലീസുദ്യോഗസ്ഥരുമായി ചർച്ച ചെയ്തിരുന്നു. ആ പ്രതിയെ പിടികൂടുന്നതിന് എല്ലാവരുടെയും ഭാഗത്തുനിന്നും നല്ലരീതിയിൽ സഹായമുണ്ടായിട്ടുണ്ട്. രാത്രികാല പട്രോളിംഗ് കുറച്ചുകൂടി ശക്തിപ്പെടുത്തണമെന്ന ആവശ്യം എന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സേനയ്ക്കാവശ്യമായ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. കൂടുതൽ പോലീസ് സേനാംഗങ്ങളെ നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്. ആലുവ ഗസ്റ്റ് ഹൗസിൽ വരുന്ന വി.ഐ.പി.-കളുടെ സുരക്ഷ ഉറപ്പാക്കാനായി നടപടികൾ സ്വീകരിക്കുമ്പോൾത്തന്നെ പ്രദേശവാസികളുടെയും സുരക്ഷ ഉറപ്പാക്കാനായി നടപടി സ്വീകരിക്കുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിലും സുരക്ഷ ഉറപ്പാക്കുന്നതിലും രാജ്യത്തുതന്നെ മികച്ച റെക്കോർഡാണ്

കേരളത്തിനുള്ളത്. എത്ര നിസ്സാരമായ കുറ്റകൃത്യങ്ങളാണെങ്കിൽപ്പോലും അവയെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിലും കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ഉറപ്പാക്കുന്നതിലും ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. നാടിന്റെ സ്വൈരജീവിതത്തിന് തടസ്സമുണ്ടാക്കുന്ന ഏതുതരം നീക്കത്തെയും ഒരുമിച്ച് നേരിടാനും തള്ളിപ്പറയാനും സമൂഹത്തിന് കഴിയേണ്ടതുണ്ട്. ഉപജീവനത്തിനായി നമ്മുടെ നാട്ടിലെത്തുന്ന അതിഥി തൊഴിലാളികൾ ആക്രമിക്കപ്പെടുകയും ചിലർ കുറ്റവാളികളാകുകയും ചെയ്യുന്നുണ്ടെന്നത് വസ്തുതയാണ്. അതിഥി പോർട്ടൽ മുഖേന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്നതിനും അവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റെസിഡന്റ്സ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും റെസിഡന്റ്സ് ഏരിയകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. ഇവയ്ക്ക്പുറമെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും

കുട്ടികൾക്കാവശ്യമായ സുരക്ഷ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും പ്രതികരിക്കുന്നതിന് അവരെ സജ്ജരാക്കുന്നതിനുമായി ജനമൈത്രി പോലീസ് പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഗാർഹികപീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് എത്താതെ നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്കും മുതിർന്ന പൗരന്മാർക്കും സുരക്ഷ ഒരുക്കുന്നതിനായി 'നിഴൽ' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള പ്രത്യേക കോടതികൾക്കുപുറമെ 56 അതിവേഗ കോടതികളും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ വി. ഡി. സതീശൻ പ്രസ്താവന നടത്തിയശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോയി. പ്രതിപക്ഷ ഉപനേതാവിന്റെ പ്രസംഗത്തിന്

മുമ്പ് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിക്ക് അവസരം നൽകിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ ഉപനേതാവും മറ്റ് കക്ഷി നേതാക്കളും പ്രസ്താവന നടത്താതെ അവരവരുടെ പാർട്ടി നേതാക്കളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കോഴിക്കോട് വിമാനത്താവള വികസനം

ശ്രീ. പി. നന്ദകുമാർ: കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും അർഹരായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ എൻഡ് സേഫ്റ്റി ഏരിയ വികസനവുമായി ബന്ധപ്പെട്ട് പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിൽ 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനവില നിർണ്ണയിക്കുകയും തുടർനടപടികൾ

പുരോഗമിച്ചുവരികയുമാണ്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ സ്ഥലം എയർപോർട്ട് അതോറിറ്റിക്ക് കൈമാറുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(2) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിലെ പ്രതിസന്ധി

ശ്രീ. സനീഷ്കുമാർ ജോസഫ്: സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി നിലനിർത്തുന്നതിനും വിലവർദ്ധന കണക്കിലെടുത്ത് ഉച്ചഭക്ഷണത്തിനുള്ള സംസ്ഥാന വിഹിതം കാലോചിതമായി വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ നൽകുന്നതിനും വിദ്യാലയങ്ങളിലെ പാചകത്തൊഴിലാളികൾക്ക് കുടിശ്ശികയില്ലാതെ ഓണറേറിയം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി മുടങ്ങിയിട്ടില്ല. എന്നാൽ കേന്ദ്രവിഹിതം ലഭിക്കുന്നതിലുള്ള കാലതാമസംമൂലം പദ്ധതി നടത്തിപ്പിൽ പ്രതിസന്ധി നേരിടുന്നുണ്ട്. ഉച്ചഭക്ഷണപദ്ധതിയുടെ 60% കേന്ദ്രവിഹിതമാണ്. കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളും മുൻവർഷത്തെ ധനവിനിയോഗ പത്രങ്ങളും സമയബന്ധിതമായി സമർപ്പിച്ചാലും അനാവശ്യ തടസ്സവാദങ്ങളുയർത്തി സംസ്ഥാനത്തിനർഹമായ

തുക അനുവദിക്കുന്നത് വൈകിപ്പിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി നടപ്പുവർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട ആദ്യ ഗഡു കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല. കേന്ദ്രവിഹിതം ലഭിക്കുന്നതിനുമുമ്പ് സംസ്ഥാന വിഹിതം അഡ്വാൻസ് ചെയ്യണമെന്നാവശ്യപ്പെട്ടുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഉച്ചഭക്ഷണപദ്ധതിക്കുള്ള സംസ്ഥാന വിഹിതം കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്രവിഹിതം നിഷേധിച്ചാൽപ്പോലും ജനങ്ങളുടെ സഹായത്തോടെ ഉച്ചഭക്ഷണ പദ്ധതി തുടരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിദ്യാലയങ്ങളിലെ പാചകത്തൊഴിലാളികൾക്ക് കുടിശ്ശികയില്ലാതെ ഓണറേറിയം ലഭ്യമാക്കിയിട്ടുണ്ട്.

## IV സബ്മിഷൻ

### (1) അയ്യങ്കാളിയുടെ ചിത്രം വികൃതമാക്കി സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): നവോത്ഥാന നായകനായ മഹാത്മാ അയ്യങ്കാളിയുടെ ചിത്രം വികൃതമാക്കി സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച കുറ്റവാളികളെ അറസ്റ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മഹാത്മാ അയ്യങ്കാളിയെ സമൂഹമാധ്യമങ്ങളിൽ അവഹേളിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലും എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിലും ഇന്ത്യൻ ശിക്ഷാ നിയമം സെക്ഷൻ 153 പ്രകാരവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമ നിയമപ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. വില്ലുവണ്ടി സമരത്തെ അധിക്ഷേപിക്കുന്ന തരത്തിൽ മോശം തലക്കെട്ടോടെയും ചിത്രത്തോടെയും സമൂഹമാധ്യമത്തിൽ വീണ്ടും പോസ്റ്റ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെടുകയും ഫേസ്ബുക്കിൽ പോസ്റ്റ് വന്ന ഗ്രൂപ്പുകൾ ബ്ലോക്ക് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുയും ചെയ്തിട്ടുണ്ട്. ഗ്രൂപ്പിലെ അംഗങ്ങളെയും അഡ്മിൻമാരെയും കണ്ടെത്തി മൊഴി രേഖപ്പെടുത്തി കേസുകളിൽ ഊർജ്ജിത അന്വേഷണം നടത്തിവരികയാണ്. മേൽ സൂചിപ്പിച്ച കേസുകളുടെ അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുന്നതാണ്.

(2) കണ്ണോത്ത്മല ജീപ്പ് ദുരന്തത്തിൽ മരണപ്പെട്ടവർക്ക് ധനസഹായം

ശ്രീ. ഒ. ആർ. കേളു: മാനന്തവാടി കണ്ണോത്ത്മലയിൽ ജീപ്പ് ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും കൂടുതൽ

ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മാനന്തവാടി കണ്ണോത്ത്മലയിൽ ജീപ്പ് കൊക്കയിലേയ്ക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച ജില്ലാ കളക്ടറുടെ ശിപാർശ പരിശോധിച്ച് വൈകാതെ തീരുമാനമെടുക്കുന്നതാണ്.

(3) അംഗഡിമുഗർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയുടെ അപകടമരണം

ശ്രീ. എ. കെ. എം. അഷറഫ്: മഞ്ചേശ്വരത്തെ അംഗഡിമുഗർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയുടെ അപകട മരണത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മഞ്ചേശ്വരത്തെ അംഗഡിമുഗർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയുടെ അപകട മരണവുമായി ബന്ധപ്പെട്ട് കുമ്പള പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്. പോലീസിനെതിരെ ഉയർന്ന ആരോപണങ്ങളിലുൾപ്പെടെ സമഗ്രമായ അന്വേഷണം നടത്തുന്നതിന് കേസ് ജില്ലാ ക്രൈംബ്രാഞ്ചിന്

കൈമാറിയിട്ടുണ്ട്.

(4) എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല: എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ പുതുക്കിയ കേന്ദ്ര മാനദണ്ഡം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് തുകയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അസമത്വം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രീ-മെട്രിക് തലം വരെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും പൂർണ്ണമായും കൊടുത്തുതീർക്കുകയും യഥാസമയം അപേക്ഷ സമർപ്പിക്കാനാകാത്ത വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. 05-01-2023-ലെ ഉത്തരവുപ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിരക്കുകൾ

കാലോചിതമായി പുതുക്കുകയും വരുമാന പരിധിയില്ലാതെ സംസ്ഥാനത്തെ എല്ലാ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്യുന്നുണ്ട്. 2023 മാർച്ച് 31 വരെ എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗങ്ങളിലെ 425 വിദ്യാർത്ഥികളെ വിദേശ പഠനത്തിന് അയയ്ക്കുകയും ഈ സാമ്പത്തിക വർഷം 377 വിദ്യാർത്ഥികൾക്ക് വിദേശ പഠനം ലഭ്യമാക്കാനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശം കുട്ടികളുടെ കൊഴിഞ്ഞുപോക്കിനുൾപ്പെടെ കാരണമാകുമെന്ന് കേന്ദ്ര ഗവൺമെന്റിനെ ധരിപ്പിച്ചെങ്കിലും അനുകൂല തീരുമാനമുണ്ടായിട്ടില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണമായി കൊടുത്തുതീർക്കുകയും പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണമായും കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്. ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് എസ്.സി./എസ്.ടി. വിഭാഗം വിദ്യാർത്ഥികളുടെ അതേ നിരക്കിലാണ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നത്. സംസ്ഥാനത്തെ 65

ശതമാനത്തോളം വരുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് എസ്.സി./എസ്.ടി. വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ സാമ്പത്തികശേഷി അനുസരിച്ച് മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാർ എസ്.സി./എസ്.ടി./ഒ.ബി.സി. മേഖലകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന അവസരത്തിലും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാനുള്ള നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്.

(5) ശബരിമല മാസ്റ്റർ പ്ലാൻ

ശ്രീ. കെ. യു. ജനീഷ് കുമാർ: തടസ്സങ്ങൾ നീക്കംചെയ്ത് ശബരിമല മാസ്റ്റർ പ്ലാൻ വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ശബരിമലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ ശബരിമല മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ ചുമതല ഉന്നതാധികാര സമിതിക്കാണ്. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് അനുവദിച്ച 335 കോടി രൂപയിൽ 141.25 കോടി

രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ഈ വർഷം 30 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന തുകകൂടി ഉപയോഗപ്പെടുത്തി സമഗ്രവികസനം സാധ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. വനം വകുപ്പിൽ നിന്നുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിനും ഈ വർഷത്തെ തീർത്ഥാടനകാലം ആരംഭിക്കുന്നതിനുമുമ്പ് പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(6) നാഗർകോവിൽ-തിരുവനന്തപുരം റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക

ശ്രീ. സി. കെ. ഹരീന്ദ്രൻ: നാഗർകോവിൽ-തിരുവനന്തപുരം റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര താലൂക്കിലെ വിവിധ വില്ലേജുകളിൽനിന്നും ഏറ്റെടുക്കുന്ന ഭൂമിയുടെ കാറ്റഗറി തിരിച്ചതിലുള്ള അപാകതകൾ പരിഹരിക്കുന്നതിനും വില നിർണ്ണയ നടപടികൾ പുന:പരിശോധിച്ച് ന്യായവില ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): തിരുവനന്തപുരം മുതൽ പാറശ്ശാല വരെയുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ

പുരോഗമിക്കുകയാണ്. ഭൂ ഉടമയ്ക്ക് മികച്ച സ്ഥലവില നൽകുന്നത് മാനദണ്ഡങ്ങൾ അനുവർത്തിച്ചാണ്. സ്ഥലമേറ്റെടുക്കുമ്പോൾ നഷ്ടപരിഹാരത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് ഗൗരവമായി പരിശോധിച്ച് അതിന്റെ കാരണം കണ്ടെത്തുന്നതാണ്. കൂടാതെ ഈ വിഷയത്തിലുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് ഈ മാസം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ യോഗം വിളിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതുമാണ്.

## (7) വന്യമൃഗശല്യം തടയൽ

ശ്രീ. കെ. എം. സച്ചിൻദേവ്: കക്കയം റിസർവ് വനത്തിൽനിന്നും കാട്ടാനകൾ കൂട്ടത്തോടെ ജനവാസ മേഖലയിലെത്തി കൃഷി നശിപ്പിക്കുകയും ജനങ്ങളുടെ ജീവന് ഭീഷണിയാവുകയും ചെയ്യുന്നതിനാൽ ആനയിറങ്ങുന്ന സ്ഥലത്ത് റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും നിലവിലുള്ള ഫെൻസിംഗ് ശക്തിപ്പെടുത്തുന്നതിനും കൂടുതൽ വാച്ചർമാരെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :പന്നിക്കോട്ടൂർ റിസർവ് വനത്തിൽ നിന്നാണ് കൂരാച്ചുണ്ട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ആനകളിറങ്ങുന്നത്. കാടിനോട് ചേർന്ന് ഫെൻസിംഗ്

സ്ഥാപിച്ചാൽ റിസർവോയറിലേയ്ക്ക് വെള്ളം കുടിക്കാനെത്തുന്ന ആനകളുടെ വഴി തടസ്സപ്പെടാനും ഫെൻസിംഗ് നശിപ്പിക്കപ്പെട്ട് കൂടുതൽ സ്ഥലങ്ങളിൽ ആനകൾ ഇറങ്ങുന്നതിന് കാരണമാകുകയും ചെയ്യുമെന്നതിനാൽ ഈ പ്രദേശത്ത് ആവശ്യപ്പെടും പ്രകാരമുള്ള ഫെൻസിംഗ് പ്രായോഗികമല്ല. സ്ഥലത്തിന്റെ അനുയോജ്യതയും മണ്ണിന്റെ ഘടനയും പഠനവിധേയമാക്കിയാൽ മാത്രമേ റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. കക്കയം ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിംഗ് കൂടുതൽ പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിന് കൂടുതൽ വാച്ചർമാരെ നിയമിച്ചിട്ടുള്ളതും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തുക അനുവദിച്ചിട്ടുള്ളതുമാണ്. നിരന്തരം കാട്ടാനശല്യമുള്ള പ്രദേശങ്ങളിൽ കൂടുതൽ വാച്ചർമാരെ നിയോഗിക്കുന്ന കാര്യം പരിഗണനയിലാണ്.

(8) മെഡിസെപ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കി വരുന്ന മെഡിസെപ് പദ്ധതിയുടെ എംപാനൽഡ് ലിസ്റ്റിൽ പ്രധാനപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ ഉൾപ്പെടുത്താനും ചികിത്സയ്ക്ക് സർക്കാർ ഗ്യാരന്റി നൽകാനും അടിസ്ഥാന

ചികിത്സാ പരിരക്ഷ 6 ലക്ഷം രൂപയാക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 01-07-2022 മുതൽ പ്രാബല്യത്തിൽ വന്ന മെഡിസെപ് പദ്ധതി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് നടപ്പാക്കിവരുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പരാതികളിന്മേൽ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാതികൾ സമർപ്പിക്കാൻ ഓൺലൈൻ പോർട്ടലും സർക്കാർ തലത്തിൽ ത്രിതല പരാതി പരിഹാര സംവിധാനങ്ങളും നിലവിലുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനമനുസരിച്ച് സംസ്ഥാനത്തെ എല്ലാ സഹകരണ ആശുപത്രികളുടെയും പ്രാതിനിധ്യം പദ്ധതിയിൽ ഉറപ്പാക്കുന്നതിനും കൂടുതൽ കാര്യക്ഷമതയോടെ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കിയും ഗുണഭോക്താക്കൾക്കും ആശുപത്രികൾക്കുമുള്ള ആശങ്കകൾ, പരാതികൾ എന്നിവ പരിഹരിച്ചുമാണ് പദ്ധതി മുന്നോട്ടുപോകുന്നത്.

(9) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിതനിലവാരം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സംസ്ഥാനത്തെ തോട്ടം മേഖലയിൽ ശമ്പളപരിഷ്കരണം നടപ്പാക്കാനും ലയങ്ങൾ നവീകരിക്കാനും

തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യമൊരുക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് പൊതുവായ ഒരു ധാരണയിൽ എത്തിച്ചേരുന്നതിന്റെ അടിസ്ഥാനത്തിലാണ് തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൂലി കാലോചിതമായി പരിഷ്കരിക്കുന്നത്. തോട്ടം തൊഴിലാളികളുടെ അടിസ്ഥാന വേതനത്തിൽ 41 രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. തോട്ടം മേഖലയിലെ ഭവനരഹിതർക്ക് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ ലൈഫ് മാനദണ്ഡ പ്രകാരം വീട് ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (10) മലമ്പുഴ ഉദ്യാന നവീകരണം

ശ്രീ. എ. പ്രഭാകരൻ: ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ മലമ്പുഴ ഉദ്യാന നവീകരണം

പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മലമ്പുഴ ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2018-19-ലെ ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുക നിശ്ചയിക്കുകയും ആയതിന്റെ 20 ശതമാനം തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രൂപരേഖ പരിശോധിച്ചശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്. മലമ്പുഴയിൽ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‍ലറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 1.36 കോടി രൂപ അനുവദിക്കുകയും സ്ഥലം ലഭ്യമാക്കുകയും പദ്ധതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് വിനോദസഞ്ചാര വകുപ്പ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടി പുരോഗമിക്കുകയാണ്. പ്രവൃത്തി ദ്രുതഗതിയിലാരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(11) പുലാമന്തോൾ, കൊട്ടുമുണ്ട, കൊണ്ടയൂർ പാലങ്ങളുടെ നവീകരണം

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി നിയോജകമണ്ഡലത്തിലെ പാലക്കാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന പുലാമന്തോൾ പാലത്തിന്റെ അറ്റകുറ്റപ്പണികളും പട്ടാമ്പി-തൃത്താല മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന

കൊട്ടുമുണ്ട, തൃശ്ശൂർ-പാലക്കാട് ജില്ലയെ ബന്ധിപ്പിക്കുന്ന കൊണ്ടയൂർ പാലങ്ങളുടെ നിർമ്മാണത്തിനുമാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനും പട്ടാമ്പി പാലത്തിന്റെ പ്രവൃത്തി വേഗത്തിലാക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): പാലക്കാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന പുലാമന്തോൾ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 57 ലക്ഷം രൂപ അനുവദിക്കുകയും ടെണ്ടർ നടപടികൾ നടന്നുവരികയുമാണ്. പട്ടാമ്പി പാലത്തിന് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയിൽ നിന്നും 30.86 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതുമാണ്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ നിന്നും അനുവദിച്ച തുകയേക്കാൾ അധികമായതിനാൽ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. വി. കെ. കടവ്-കൊട്ടുമുണ്ട പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കൊണ്ടയൂർ-ഓങ്ങല്ലൂർ പാലത്തിന്റെ പ്രവൃത്തിക്കായി 50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സാമ്പത്തികാനുമതിക്കായി ഡി.പി.ആർ. കിഫ്ബിയിൽ

സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(12) മേലാറ്റൂർ-പുലാമന്തോൾ റോഡ് പുനരുദ്ധാരണം

ശ്രീ. നജീബ് കാന്തപുരം: പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പുലാമന്തോൾ മുതൽ മേലാറ്റൂർ വരെയുള്ള റോഡിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനും നിർമ്മാണത്തിൽ വീഴ്ചവരുത്തിയ കരാറുകാരനെ കരിമ്പട്ടികയിൽപ്പെടുത്താനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നിലമ്പൂർ-പെരുമ്പിലാവ് പാതയിലെ പുലാമന്തോൾ മുതൽ മേലാറ്റൂർ ഒലിപ്പുഴ വരെയുള്ള 30.8 കി.മീറ്റർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ 57 ശതമാനം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്. ജൂലൈ മാസത്തിൽ ഇതിനായി ചേർന്ന പ്രത്യേക അവലോകന യോഗത്തിൽ തയ്യാറാക്കിയ ഷെഡ്യൂൾ അനുസരിച്ചുള്ള പ്രവൃത്തി പുരോഗതിയുണ്ടായില്ലെങ്കിൽ കരാറുകാരനെതിരെ റിസ്ക് ആൻഡ് കോസ്റ്റ് ടെർമിനേഷനുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

(13) ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് വാർഷിക ഗ്രാന്റ്

ശ്രീ. കെ. പ്രേംകുമാർ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മഹാകവി കുഞ്ചൻനമ്പ്യാർ സ്മാരകത്തിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് ലക്കിടിയിൽ കിള്ളിക്കുറിശ്ശി മംഗലത്തുള്ള കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 2022-23, 2023-24 വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ 5 ലക്ഷം രൂപ കൈമാറിയിട്ടുള്ളതാണ്. സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ആവർത്തന ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നയപരമായ തീരുമാനം ആവശ്യമുള്ളതിനാൽ ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശ രേഖ തയ്യാറാക്കി സാമ്പത്തിക ഘടകങ്ങൾ പരിഗണിച്ചുമാത്രമെ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(14) മുൻഗണനാ റേഷൻ കാർഡുകളിൽ നിന്നും അനർഹരെ ഒഴിവാക്കൽ

ശ്രീ. സി. സി. മുകുന്ദൻ: നാട്ടിക നിയോജകമണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡുകളിൽ നിന്നും അനർഹരെ ഒഴിവാക്കാനും അർഹരായവർക്ക് കാർഡ് ലഭ്യമാക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻഗണനാപരിധി പ്രകാരം അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വമേധയാ കാർഡ് സറണ്ടർ ചെയ്തതും പരിശോധനയിലൂടെ അനർഹരെന്ന് കണ്ടെത്തിയതുമായ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഓപ്പറേഷൻ യെല്ലോ പദ്ധതിയിലൂടെ സ്വമേധയാ കാർഡ് സറണ്ടർ ചെയ്യാത്തവരെ കണ്ടെത്തി പിഴ ഈടാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഒരംഗം മാത്രമുൾപ്പെട്ട എ.എ.വൈ. കാർഡുകൾ പരിശോധിച്ചതിൽ അനർഹമെന്ന് കണ്ടെത്തിയ 285 കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്കും 632 കാർഡുകൾ പി.എച്ച്.എച്ച്. (Priority Household)വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്.

(15) നീണ്ടകര ആർ.സി.സി. വിപുലീകരണം

ഡോ. സുജിത് വിജയൻപിള്ള: Pradhan Mantri Jan Vikas Karyakram (PMJVK) പ്രകാരം ലഭിച്ച പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം നൽകുന്നതിനും നീണ്ടകര ക്യാൻസർ കെയർ സെന്ററിന്റെ വികസനം സാധ്യമാക്കാനും നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നിർവ്വഹണം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ Pradhan Mantri Jan Vikas Karyakram (PMJVK)-ന്റെ 40 ശതമാനം തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2022-23 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലിൽ കൊല്ലം ജില്ലയിലെ നീണ്ടകര ആർ.സി.സി. വിപുലീകരണത്തിനുള്ള 30 കോടി രൂപയുടെ പ്രോജക്ടുൾപ്പെടെ 373 കോടി രൂപയുടെ പ്രൊപ്പോസലുകൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

## V റിപ്പോർട്ടുകളുടെ സമർപ്പണം

സബ്ജക്ട് കമ്മിറ്റി III, V, XIV എന്നിവയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച

സമിതിയുടെ പത്താമത് റിപ്പോർട്ടും ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടും സമർപ്പിച്ചു.

## VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിന്റെ ആറാം വകുപ്പ് പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം ആനുകാലികമായി പുതുക്കിനിശ്ചയിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത

നിയമത്തിൽ പുതിയ വകുപ്പ് ചേർക്കുന്നതിനായാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിലവിലെ വിലക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ വർഷാശനം പുതുക്കി നിശ്ചയിക്കുന്നതിന് പ്രസ്തുത ആക്റ്റിൽ പുതിയ വ്യവസ്ഥ ചേർക്കുമ്പോൾ വർഷാശനം മൂന്നിരട്ടി വർദ്ധിപ്പിക്കുന്നുവെങ്കിലും ഓരോ അഞ്ച് വർഷത്തിനിടയിലും 25% നിരക്ക് പുതുക്കി നിശ്ചയിക്കണമെന്ന ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥയ്ക്ക് വ്യത്യസ്തമായി പത്ത് വർഷത്തിനുശേഷം നിരക്ക് പുതുക്കുന്ന കാര്യം സർക്കാരിന് തീരുമാനിക്കാമെന്നാണ് വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ഇപ്പോൾ വീണ്ടും ഒരു ഭേദഗതിയിലൂടെ അഞ്ച് വർഷമായി ചുരുക്കിയിരിക്കുകയാണ്. ക്ഷേത്ര ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് റവന്യൂ-ദേവസ്വം വകുപ്പുകൾ തമ്മിൽ തർക്കം നിലനിൽക്കുന്നതിനാൽ ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ദേവസ്വം ബോർഡിന് ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിന്റെ ആറാം വകുപ്പുപ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്

നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം പുതുക്കി നിശ്ചയിക്കുന്നതിനായി പുതിയ വകുപ്പ് ഉൾപ്പെടുത്തുന്നതിനുള്ള ബില്ലാണിത്. വർഷാശനം മൂന്നിരട്ടി വർദ്ധിപ്പിക്കുന്നുവെങ്കിലും ഓരോ അഞ്ച് വർഷത്തിനിടയിലും 25% നിരക്ക് പുതുക്കി നിശ്ചയിക്കണമെന്ന ഭൂപരിഷ്കരണ വ്യവസ്ഥയ്ക്ക് വ്യത്യസ്തമായി പത്ത് വർഷത്തിനുശേഷം നിരക്ക് പുതുക്കുന്ന കാര്യം സർക്കാരിന് തീരുമാനിക്കാമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയത് ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭൂപരിഷ്കരണ നിയമപ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഭൂമി പണ്ടാരവക ഭൂമിയിൽ ഉൾപ്പെടാത്തതിനാലാണ് 1971-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റ് പാസ്സാക്കി ക്ഷേത്രത്തിന്റെ ഭാഗമായുള്ള ഭൂമി സംരക്ഷിക്കുകയും ബാക്കി ഭൂരഹിതരായ ആളുകൾക്ക്

പതിച്ചു നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചത്. നിയമത്തിലെ ആറാം വകുപ്പ് പ്രകാരം ക്ഷേത്രത്തിന് നൽകിയിരുന്ന വർഷാശനത്തിൽ കാലാനുസൃതമായി മാറ്റം വരുത്താൻ സാധിച്ചില്ല. 2006-ലെ ഭൂപരിഷ്കരണ നിയമപ്രകാരം മറ്റുള്ള സ്ഥാപനങ്ങൾ അഞ്ച് വർഷത്തിനിടയിൽ വർഷാശനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭൂമിക്കുകൂടി പ്രസ്തുത വർദ്ധനവ് ബാധകമാക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത്. അഞ്ച് വർഷം കൂടുമ്പോൾ വർഷാശനം വർദ്ധിപ്പിക്കാമെന്നുള്ള തീരുമാനം സ്വാഗതാർഹമാണ്. ഈ ബിൽ നിലവിൽ വരുന്നതോടെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സ്വത്ത് വകകൾ സംരക്ഷിക്കാനും ക്ഷേത്രത്തെ ആശ്രയിച്ച് കഴിഞ്ഞിരുന്ന നിരവധിയാളുകൾക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കാനും കഴിയും. ഈ ഭേദഗതി ബില്ലിലൂടെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നിശ്ചയിച്ചിട്ടുള്ള വർഷാശനം മൂന്ന് ഇരട്ടിയായി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശമാണ് കൊണ്ടുവന്നിട്ടുള്ളത്. വർഷാശനം കാലാനുസൃതമായി പരിഷ്കരിക്കാനും ക്ഷേത്രത്തെ സംരക്ഷിക്കാനും ഭൂരഹിതർക്ക് ഭൂമി നൽകാനും നടത്തുന്ന പ്രവർത്തനം അഭിനന്ദനാർഹമാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട വർഷാശനം 1,75,500 രൂപയായി വർദ്ധിപ്പിച്ചതും ആയത് അഞ്ചുവർഷത്തിലൊരിക്കൽ പുതുക്കാവുന്നതാണെന്നുമുള്ള ഭേദഗതി ഏറെ സ്വാഗതാർഹമാണ്. ഇത്രയധികം പ്രശസ്തിയും ധാരാളം ചെലവുകളുമുള്ള ക്ഷേത്രത്തിനുള്ള വർഷാശനം മൂന്നുലക്ഷം രൂപയായെങ്കിലും വർദ്ധിപ്പിക്കാനും അഞ്ചുവർഷം കൂടുമ്പോൾ സ്വാഭാവികമായി 25 ശതമാനം വർദ്ധനവ് വരുത്താനുമുള്ള ഭേദഗതികൂടി ഉൾപ്പെടുത്തണം. ക്ഷേത്രക്കുളങ്ങളും പള്ളിക്കുളങ്ങളും നവീകരിക്കുന്നതിനായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കാനുള്ള അനുമതി ലഭ്യമാക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ 2006-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് വർഷാശനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും ഓരോ അഞ്ച് വർഷത്തിനുശേഷവും 25% വർദ്ധനവ് വരുത്തുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് 67 എ എന്ന പുതിയ വകുപ്പ് ചേർത്തിട്ടുണ്ട്. കേരളത്തിൽ

കുടിയാന് അവൻ ജീവിക്കുന്ന മണ്ണ് അവകാശപ്പെടാനോ കുരകെട്ടാനോ അവകാശമില്ലാതിരുന്ന കാലഘട്ടത്തിലാണ് കാർഷികബന്ധ നിയമവും അതിന്റെ തുടർച്ചയായി ഭൂപരിഷ്കരണ നിയമവും കൊണ്ടുവന്നത്. പരമാവധി ആളുകളെ ഭൂമിയുടെ അവകാശികളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് റവന്യൂ വകുപ്പ് നടപ്പാക്കിയ വിഷൻ ആൻഡ് മിഷൻ 2021-26 എന്ന പദ്ധതിയിലൂടെ എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന മുദ്രാവാക്യത്തിലേയ്ക്ക് കടക്കാൻ കഴിഞ്ഞു. ഭൂപരിഷ്കരണ നിയമത്തിലെ 65-ാം വകുപ്പ് പ്രകാരം മത ധർമ്മ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൂമി ഗവൺമെന്റിന് നൽകാനുള്ള തീരുമാനമെടുത്തപ്പോൾ അവർക്കാവശ്യമായ വർഷാശനം കൊടുക്കാൻ ലാൻഡ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്തുന്നതിനാണ് 66-ാം വകുപ്പ് ഉൾപ്പെടുത്തിയത്. 67-ാം വകുപ്പ് പ്രകാരം എല്ലാ വർഷവും സ്ഥാപനത്തിന് സർക്കാർ വർഷാശനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സ്വത്തുവകകളിൽ പ്രാധാന്യമുള്ളവ അവിടെത്തന്നെ നിലനിർത്തുന്നതിനുവേണ്ടി മൂന്നാം വകുപ്പിന്റെ രണ്ടും മൂന്നും ഭാഗങ്ങളിൽ ആവശ്യമായ അവകാശങ്ങൾ കൊടുത്തിട്ടുണ്ട്. ഈ നിയമം വരുമ്പോൾ

മൂന്നാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട പട്ടികയിലുൾപ്പെട്ടിട്ടുള്ള ഭൂമി മുഴുവൻ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ഭാഗമായിത്തന്നെ നിലനിൽക്കും. സെക്ഷൻ 3(3)-ൽ പറയുന്നതുപ്രകാരം ശ്രീപണ്ടാരവക തനത് ഭൂമി പൂർണ്ണമായും അനുപേക്ഷണീയമാണെന്ന് സർക്കാരിന് തോന്നുന്നപക്ഷം സർക്കാർ വിജ്ഞാപനത്തിലൂടെ അത്തരം ഭൂമികൾ നിക്ഷിപ്തമാക്കുന്നതിൽനിന്ന് ഒഴിവാക്കാനുള്ള അവസരം കൊടുത്തുകൊണ്ടുള്ള നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ലാൻഡ് ട്രിബ്യൂണലിൽ പോയി അവകാശം ഫിക്സ് ചെയ്ത് ക്രയസർട്ടിഫിക്കറ്റ് വാങ്ങുന്നതിനുപകരം കൈവശക്കാരന് ഭൂമി ഏറ്റെടുക്കാനും തഹസിൽദാരിൽനിന്ന് പട്ടയം ലഭ്യമാകാനുമുള്ള അവസരം നൽകുന്നത് വലിയൊരു മാറ്റമാണ്. വളരെ കൃത്യതയോടെ ദേവസ്വങ്ങളെയും ഭൂമിയില്ലാത്തവരെയും സഹായിക്കുകയെന്ന ശ്രദ്ധേയമായ നടപടിയിലെ ചരിത്രരേഖയാണ് ഈ നിയമം. ശ്രീ പണ്ടാരവക ഭൂമികൾക്കുള്ള വർഷാശനം 58500 രൂപ എന്നുള്ളത് 175500 രൂപയിലേയ്ക്ക് മാറ്റുകയും പ്രത്യേകമായി നിശ്ചയിക്കാതെതന്നെ ഓരോ അഞ്ച് വർഷത്തിലും അതിന്റെ 25 ശതമാനം തുക കൂട്ടിനിശ്ചയിക്കുകയാണ് ചെയ്യുന്നത്. ഭൂപരിഷ്കരണ നിയമത്തിന്റെ സെക്ഷൻ 81 പ്രകാരം എക്സംഷൻ ലഭിക്കാത്ത എല്ലാ

കേസുകളിലും 15 ഏക്കറിൽ കൂടുതലുള്ള ഭൂമി മുഴുവൻ മിച്ചഭൂമിയായി ഏറ്റെടുക്കാൻ താലൂക്ക് ലാൻഡ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി യുണീക് തണ്ടപ്പേർ സിസ്റ്റം നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്ര വിവരസാങ്കേതിക മന്ത്രാലയത്തിന്റെ പ്രത്യേക അനുമതിയോടെ വോളണ്ടറിയായി തണ്ടപ്പേരും ആധാറുമായി യോജിപ്പിക്കുന്നതിലൂടെ കേരളത്തിൽ ഒരാൾക്ക് ഒരു ആധാർ കാർഡിൽ എത്ര ഭൂമി കൈവശം വച്ചിരിക്കുന്നുവെന്ന് അറിയാൻ സാധിക്കും. അനധികൃതമായി കൈവശം വയ്ക്കുന്ന ഭൂമി തിരിച്ചുപിടിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതാണ്. ആദ്യഘട്ടത്തിൽ പുനലൂരിലാണ് യുണീക് തണ്ടപ്പേർ സിസ്റ്റം നടപ്പിലാക്കുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിച്ചു.

180. In section 6A proposed to be inserted in the principal Act by Clause 2 for the words, symbols and figures "that is an amount Rs.1,75,500 for a period of ten years and thereafter the Government may decide the matter or revising the rate of annuity.", the words, symbols and figures "that is" an amount of ₹1,75,500, and thereafter at the expiration of every five years enhance the annuity so revised by twenty five percent" shall be substituted.

132, 137, 138, 139, 140, 142, 145, 147, 151, 161, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

115-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2023-ലെ അബ്കാരി ഭേദഗതി ബിൽ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ( ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. വ്യവസായസംരംഭകർ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി സംസ്ഥാന നിയമങ്ങളിലെ ചില വ്യവസ്ഥകൾ ഡീക്രിമിനലൈസ് ചെയ്യുകയാണ്. ഈ സർക്കാർ മദ്യവർജ്ജനം പ്രഖ്യാപിക്കുന്നതോടൊപ്പം മദ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്. വീര്യം കൂടിയ മദ്യത്തിൽനിന്നും വീര്യം കുറഞ്ഞ മദ്യത്തിലേയ്ക്ക് ഉപഭോക്താക്കളെ തിരിച്ചുകൊണ്ടുവരുന്നതിനും മദ്യവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും പ്രത്യേക നടപടികൾ സ്വീകരിക്കുന്നത്

ഉചിതമായിരിക്കും. മദ്യത്തിന്റെയും മയക്കമരുന്നിന്റെയും വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ സാമൂഹ്യ വിപത്തിനെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നീങ്ങണം. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന ക്രിമിനൽ കുറ്റകൃത്യങ്ങളുടെ പിന്നിൽ മയക്കമരുന്നിന്റെ സ്വാധീനമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് ക്രിമിനൽ കേസ്സുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയെ ഫലപ്രദമായി നേരിടുന്നതിന് എക്സൈസ് വകുപ്പിനെ സജ്ജമാക്കുന്നതോടൊപ്പം കൂടുതൽ ജീവനക്കാരെ നിയമിച്ചും വാഹനസൗകര്യം ഏർപ്പെടുത്തിയും ക്രൈംബ്രാഞ്ച്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങളെ ശക്തിപ്പെടുത്തണം. ലഹരി ഉപയോഗം പിടിക്കപ്പെടുന്ന കേസ്സുകളിലെ പ്രതികൾ സമയബന്ധിതമായി ശിക്ഷിക്കപ്പെടുന്നതിന് കെമിക്കൽ എക്സാമിനേഷൻ റിപ്പോർട്ട് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഡീ-അഡിക്ഷൻ സെന്ററുകളിൽ രാസലഹരിയുമായി ബന്ധപ്പെട്ട് ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്നതോടൊപ്പംതന്നെ സർക്കാർ മേഖലയിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് കൂടുതൽ കൗൺസിലർമാരെ നിയമിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സിനിമാപ്രദർശനങ്ങളിലും മറ്റും മദ്യം ഉപയോഗിക്കുന്ന രംഗങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് പ്രദർശിപ്പിക്കാതിരുന്നാൽ നിലവിൽ നൽകിവന്നിരുന്ന തടവുശിക്ഷ മാറ്റി പിഴത്തുക കൂട്ടാനുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാനത്തിന്റെ പുതിയ മദ്യനയം ജനങ്ങളിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. വർജ്ജനം പറയുകയും മദ്യ ലഭ്യത കൂട്ടുകയും ചെയ്യുന്ന നടപടിയാണ് ഇതുവഴി സർക്കാർ സ്വീകരിക്കുന്നത്. മദ്യ ലഭ്യത കുറയ്ക്കാൻ നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരണം. ബെവ്കോ, കൺസ്യൂമർഫെഡ് എന്നിവയിലൂടെ പുതിയ മദ്യഷാപ്പുകൾ തുറക്കാനുള്ള തീരുമാനം അപലപനീയമാണ്. സ്കൂൾ/കോളേജ് പരിസരങ്ങളിലെ ലഹരി വിൽപ്പന നിയന്ത്രിക്കുന്നതോടൊപ്പം വ്യവസായ പാർക്കുകളിൽ മദ്യവിൽപ്പനയ്ക്ക് ലൈസൻസ് കൊടുക്കുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കുകയും വേണം.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ് ചെന്നിത്തല): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലെ

അബ്കാരി ആക്റ്റിലെ 55 എച്ച്, 55 ഐ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ടി ആക്റ്റിലെ 67 എ പ്രകാരം രാജിയാക്കാവുന്നതല്ല. എന്നാൽ ടി വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്കുള്ള പിഴ വർദ്ധിപ്പിച്ചുകൊണ്ട് ഡീക്രിമിനലൈസ് ചെയ്ത് രാജിയാക്കാനുള്ള അവസരം ഒരുക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനത്തെ പുതിയ തലമുറയെ ലഹരിയിൽനിന്ന് മോചിപ്പിക്കാനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനുപകരം ലഹരി ലഭ്യത വർദ്ധിപ്പിക്കുന്നതിനുതകുന്ന ബില്ലാണ് കൊണ്ടുവന്നിരിക്കുന്നത്. 50000 രൂപ നൽകിയാൽ ശിക്ഷയിൽനിന്നൊഴിവാക്കുന്ന പുതിയ രീതി സിനിമയെ മദ്യത്തിന്റെയും ലഹരിയുടെയും അതിപ്രസരത്തിലേയ്ക്ക് കൊണ്ടെത്തിക്കും. സ്ഥാപിത താൽപര്യക്കാരുടെ സംരക്ഷണാർത്ഥം ഏഴ് മാസം നീട്ടിവച്ച മദ്യനയ പ്രഖ്യാപനത്തിൽ കേരളത്തിലെ ജനങ്ങളെ മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. സംസ്ഥാനത്ത് മദ്യലഭ്യത ഘട്ടംഘട്ടമായി കുറയ്ക്കുന്നതിനുപകരം വിദേശമദ്യത്തിന്റെ ഉല്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് മദ്യനയത്തിലെ 32-ാം വകുപ്പിൽപറയുന്നത്. കേരളത്തിൽ പുതിയതായി ഡിസ്റ്റിലറികളും

ബ്രൂവറികളും സ്വകാര്യ വ്യക്തികൾക്ക് അനുവദിക്കാൻ വേണ്ടിയാണോ ഈ ഭേദഗതി കൊണ്ടുവന്നതെന്ന് വ്യക്തമാക്കണം. കള്ള്ചെത്ത് മേഖലയെ ശാസ്ത്രീയമായി പുനരുജ്ജീവിപ്പിക്കുന്നതിനുപകരം സംസ്ഥാനത്തെ പരമ്പരാഗത കള്ള്ചെത്ത് വ്യവസായത്തെ തകർക്കുന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തെ കുത്തക മദ്യവ്യാപാരികളെ സഹായിക്കുന്നതിനുവേണ്ടിയാണ് വിദേശമദ്യ വിലയിൽ വർദ്ധനവ് വരുത്തുന്നത്. ബാറുകളും ബിവറേജസ് കോർപ്പറേഷന്റെ പുതിയ ഔട്ട്ലെറ്റുകളും അനുവദിക്കുന്നതിന്റെ ഫലമായി മദ്യത്തിന്റെ വ്യാപനം വർദ്ധിക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ അബ്കാരി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മദ്യനയം പ്രഖ്യാപിക്കുന്നതിൽ കാലതാമസം വരുത്തിയെന്ന പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. തെങ്ങ് കർഷകരിൽനിന്നും കള്ള് ശേഖരിച്ച് പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൂൾപ്പെടെ ശുദ്ധമായ കള്ള് വിതരണം ചെയ്യുകയെന്നതാണ് ബിൽ കൊണ്ടുവന്നതിലൂടെ ലക്ഷ്യമാക്കുന്നത്. ത്രീസ്റ്റാർ ഹോട്ടലുകളിലുൾപ്പെടെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന

തരത്തിൽ വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മദ്യം, ലഹരി വസ്തുക്കൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള പരസ്യങ്ങൾ നൽകുന്നതിന് അബ്കാരി നിയമത്തിലെ 55 എച്ച് പ്രകാരവും മുന്നറിയിപ്പില്ലാതെ മദ്യ ഉപയോഗത്തിന്റെ പരസ്യം നൽകുന്നതിന് 55 ഐ പ്രകാരവും നിഷ്കർഷിച്ചിരുന്ന ശിക്ഷയിലെ പിഴത്തുകയിൽ വർദ്ധനവ് വരുത്തി 67 എ-യിലെ കോമ്പൗണ്ടബിൾ ഒഫൻസസിന്റെ ലിസ്റ്റിൽ ഇവ ഉൾപ്പെടുത്തുകയാണ് ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത രണ്ട് വ്യവസ്ഥകൾ കോമ്പൗണ്ടബിൾ ഒഫൻസസാക്കി മാറ്റുക മാത്രമാണ് ചെയ്യുന്നത്. കേരളത്തിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗം ദേശീയ ശരാശരിയെക്കാൾ കുറവാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തെ ബിവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണം കുറവാണ്. മദ്യത്തിന്റെ എക്സൈസ്, സെയിൽസ് ടാക്സ് ഇനങ്ങളിലെ വരുമാനം സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 13.4 ശതമാനം മാത്രമാണ്. ഓണത്തോടനുബന്ധിച്ചുള്ള സ്പെഷ്യൽ ഡ്രൈവിന്റെ

ഭാഗമായി എക്സൈസ് വകുപ്പ് 13,622 റെയ്ഡുകൾ നടത്തുകയും 10,469 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3.25 കോടി രൂപ വിലവരുന്ന മയക്കമരുന്ന് പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റിന്റെ (KEMU) നേതൃത്വത്തിൽ അതിർത്തിയിലെ ഇടറോഡുകളിൽ വ്യാപക പരിശോധനകൾ നടത്തുകയും സംസ്ഥാന-ജില്ലാ-താലൂക്ക് തലങ്ങളിൽ കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി എക്സൈസ് റേഞ്ച് ഓഫീസിൽ എൻ.ഡി.പി.എസ്. കേസ് പ്രതികളെ ചോദ്യം ചെയ്തപ്പോൾ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ആൻഡമാനിൽ ഒളിപ്പിച്ചിരുന്ന 50 കിലോഗ്രാം മെത്താഫിറ്റമിൻ കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തുകയും എക്സൈസ് വകുപ്പിന്റെ ശിപാർശ പ്രകാരം 17 കടകളുടെ ലൈസൻസ് അതത് തദ്ദേശ സ്ഥാപനങ്ങൾ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽപ്പെട്ട 18 വയസ്സിൽ താഴെയുള്ള 42 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികളിന്മേൽ താമസംവിനാ നടപടി സ്വീകരിക്കുന്നതിനായി ഓരോ ജില്ലയെയും മൂന്നും നാലും മേഖലകളായി

തിരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സുകൾ രൂപീകരിക്കുകയും എക്സൈസ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ രഹസ്യാന്വേഷണത്തിലൂടെ നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ റെയ്ഡുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എക്സൈസ് വകുപ്പ് 2,390 കുറ്റവാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഇവരെ നിരീക്ഷിക്കാൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഡീ-അഡിക്ഷൻ കേന്ദ്രങ്ങളിൽ കുട്ടികൾക്കും സ്ത്രീകൾക്കുമുള്ള പ്രത്യേക വാർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ബാംഗ്ലൂരിലെ നിംഹാൻസിൽനിന്നും പരിശീലനം ലഭിച്ച എക്സൈസ് വകുപ്പിലെ 38 പേരുടെ സേവനം ഡീ-അഡിക്ഷൻ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. ഗൗരവ സ്വഭാവമുള്ള കേസുകളുടെ കെമിക്കൽ എക്സാമിനേഷൻ റിപ്പോർട്ട് വേഗത്തിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 2023-24 മുതൽ കള്ള്ഷാപ്പുകളുടെ വിൽപ്പന പൂർണ്ണമായും ഓൺലൈനിലൂടെ മാത്രമാക്കാനും ഇതര ജില്ലകളിലേയ്ക്ക് കള്ള് കൊണ്ടുപോകുന്ന വാഹനങ്ങളിൽ ട്രാക്ക് ആൻഡ് ട്രേസ്, ജി.പി.എസ്. സംവിധാനങ്ങൾ ഏർപ്പെടുത്താനും കള്ള്ഷാപ്പുകളുടെ ഭൗതിക സാഹചര്യങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി

സ്വീകരിക്കാനും പുതിയ മദ്യനയത്തിലൂടെ ലക്ഷ്യമിടുന്നുണ്ട്. കയറ്റുമതിയിലൂടെ വരുമാന വർദ്ധന ലക്ഷ്യമിട്ടുള്ള മദ്യനയമാണ് ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സ്വകാര്യമേഖലയിൽ പുതിയ ഡിസ്റ്റിലറികളും ബ്രൂവറികളും അനുവദിക്കുകയുള്ളൂ. മദ്യനയം വളരെ അവധാനതയോടെ ആവിഷ്കരിച്ചതുകൊണ്ടാണ് കുറച്ചുകാലതാമസമുണ്ടായത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

112, 113, 116, 117, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

127, 129, 132, 134, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

144-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതി അവതരിപ്പിച്ചില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2023-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന

പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ച് കേന്ദ്രസർക്കാർ നിയമം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ (ജിസ്റ്റാറ്റ്) സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള

ഭേദഗതിയാണിത്. ജി.എസ്.ടി. രജിസ്ട്രേഷൻ ക്യാൻസലായാൽ പുനഃസ്ഥാപിച്ചുനൽകാനും റിട്ടേൺ ഫയൽ ചെയ്യുന്ന വ്യക്തികൾക്ക് അസസ്സ്മെന്റ് കാലാവധി ദീർഘിപ്പിച്ചുനൽകാനുമുള്ള നിർദ്ദേശങ്ങൾ ഈ ഭേദഗതി നിയമത്തിലൂടെ കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിലവിൽ ട്രിബ്യൂണലുകൾ ആരംഭിക്കാനുദ്ദേശിക്കുന്ന തിരുവനന്തപുരത്തിനും കൊച്ചിക്കും പുറമെ കോഴിക്കോട് കേന്ദ്രമായി ഒരു ട്രിബ്യൂണൽ കൂടി സ്ഥാപിക്കണം. നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിഷ്കരിക്കാനും ഫലപ്രദമായി നികുതി പിരിച്ചെടുക്കാനുമുള്ള നടപടിയുണ്ടാകണം. പുനഃസംഘടിപ്പിക്കപ്പെട്ട ജി.എസ്.ടി. വകുപ്പിൽ എത്രയും വേഗം ഓഡിറ്റ് ആരംഭിക്കണം. വാറ്റ് ട്രിബ്യൂണലുകളുടെ മുമ്പിലുള്ള കേസുകളിന്മേൽ കൂടുതൽ ബെഞ്ചുകൾ സ്ഥാപിച്ച് തീർപ്പ് കൽപ്പിക്കാനും വർദ്ധിച്ചുവരുന്ന അപ്പീലുകളുടെ എണ്ണം കണക്കിലെടുത്ത് കൂടുതൽ അപ്പീൽ അധികാരികളെ നിയോഗിക്കാനും കെ വാറ്റ്, ലക്ഷ്വറി ടാക്സ്, സി.എസ്.ടി. ആക്ട് എന്നിവയ്ക്ക് കീഴിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് പൊതുമാപ്പ് പദ്ധതി പുനരാരംഭിക്കാനും തയ്യാറാകണം. കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കുന്നതിനെതിരെ സംയുക്ത സമരത്തിന്

ഭരണപക്ഷം തയ്യാറാകണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജി.എസ്.ടി. തർക്കപരിഹാര ട്രിബ്യൂണൽ മലബാർ മേഖലയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിൽ നിന്നും ജി.എസ്.ടി. കുടിശ്ശികയും കോമ്പൻസേഷനും യഥാസമയം വാങ്ങുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ വരവിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതാണ് കടമെടുപ്പ് ഉയരാൻ കാരണമായത്. ഭൂമി രജിസ്ട്രേഷൻ, വിൽപ്പന ഡ്യൂട്ടി, ലാൻഡ് റവന്യൂ, എക്സൈസ് ഡ്യൂട്ടി, മറ്റ് നികുതികൾ എന്നിവയിലൂടെ സർക്കാർ ലക്ഷ്യമിട്ട വരുമാനം കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നുള്ളത് വസ്തുതയാണ്. ഭൂമിയുടെ ന്യായവിലയിൽ 20 ശതമാനം വർദ്ധനവ് വരുത്തിയതും ഇന്ധന സെസ് ഇനത്തിൽ രണ്ട് രൂപ ചുമത്തിയതും വരുമാന കുറവിന് കാരണമായിട്ടുണ്ട്. കേന്ദ്ര സർക്കാരിലേയ്ക്ക് യഥാസമയം കണക്കുകൾ സമർപ്പിച്ച് കടമെടുപ്പ് വർദ്ധിപ്പിക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പകർച്ചവ്യാധി പ്രതിരോധത്തിനായി തെരഞ്ഞെടുത്ത ആശുപത്രികളിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അപ്പലേറ്റ് ട്രിബ്യൂണൽ വന്നതുകൊണ്ട് ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവുണ്ടാകില്ല. ജി.എസ്.ടി. നടപ്പിലാക്കുന്നതിനനുസൃതമായി നികുതി വകുപ്പിനെ സജ്ജമാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. ജി.എസ്.ടി. സംവിധാനത്തിലെ പോരായ്മ പരിഹരിക്കാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണം. ഉപഭോക്തൃസംസ്ഥാനമെന്ന നിലയ്ക്ക് സ്വാഭാവികമായി ഉണ്ടാകേണ്ട നികുതി വർദ്ധനവ് സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും സാമൂഹ്യ പുരോഗതിക്കും തടസ്സമുണ്ടാക്കുന്ന നിലപാടുകളാണ് സ്വീകരിക്കുന്നത്. കാസ്പ് പദ്ധതിക്ക് 887 കോടി രൂപയുടെയും ഭക്ഷ്യ വകുപ്പിന് 4416 കോടി രൂപയുടെയും കുടിശ്ശിക നൽകാനുണ്ട്. വിലക്കയറ്റം രൂക്ഷമാകുകയും ക്ഷേമ പെൻഷൻ മുടങ്ങിയിരിക്കുകയുമാണ്. കിഫ്ബി പദ്ധതികൾ നടപ്പിലാക്കാനും പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് ബിൽതുക നൽകാനും സാധിക്കുന്നില്ല. ജല അതോറിറ്റിയിൽ ബിൽ കുടിശ്ശികയുള്ളതിനാൽ കരാറുകാർ അറ്റകുറ്റപ്പണികൾ ചെയ്യുന്നില്ല. തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻ സാമ്പത്തിക വർഷം ലഭിക്കേണ്ട പദ്ധതിവിഹിതത്തിന്റെ മൂന്നാം ഗഡു ബില്ലുകൾ അയയ്ക്കുരുതെന്ന ഉത്തരവിറക്കിയശേഷം വിതരണം ചെയ്യുതും എം.എൽ.എ. ഫണ്ട്, മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിക്കുള്ള ബിൽ എന്നിവ കുടിശ്ശികയാകുന്നതും ആശങ്കാജനകമാണ്. സർക്കാർ ജീവനക്കാർക്കുള്ള 18 ശതമാനം ഡി.എ. കുടിശ്ശിക, 2020 ജൂലൈ മാസത്തിനുശേഷമുള്ള ലീവ് സറണ്ടർ, 2019-ലെ ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ അനുവദിക്കാത്തത് പ്രതിഷേധാർഹമാണ്. അദ്ധ്യാപകർക്ക് മൂല്യനിർണ്ണയത്തിനുള്ള റെമ്യൂണറേഷൻ തുക കുടിശ്ശികയായതും പാചകത്തൊഴിലാളികൾക്കുള്ള ശമ്പളം കുടിശ്ശികയായതും ആശങ്കാജനകമാണ്. ഹെഡ്മാസ്റ്റർമാരായി പ്രൊമോഷൻ ലഭിച്ച ആയിരത്തോളം പേർ അദ്ധ്യാപക ആനുകൂല്യം മാത്രം കൈപ്പറ്റി വിരമിക്കേണ്ടി വന്നത് സംബന്ധിച്ച് പരിശോധിക്കണം. 'സ്നേഹപൂർവ്വം', 'ആശ്വാസകിരണം', 'വിദ്യാവാഹിനി' പദ്ധതികളും, LSS/USS സ്കോളർഷിപ്പ് മുടങ്ങിക്കിടക്കുന്നതും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള രോഗികൾക്ക് നൽകുന്ന ബ്രെഡിന്റെ വിതരണം നിലച്ചിരിക്കുന്നതും ആശങ്കാജനകമാണ്. കെ.എസ്.ആർ.ടി.സി.

ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാൻ കഴിയാത്തതിനുള്ള കാരണം പരിശോധിക്കേണ്ടതാണ്. 4000 കോടി രൂപയുടെ നികുതി വർദ്ധനവ് ഏർപ്പെടുത്തിയതും വെള്ളക്കരം, ബസ് ചാർജ്ജ് എന്നിവ വർദ്ധിപ്പിച്ചതും ജീവിതച്ചെലവ് വർദ്ധിക്കുമ്പോൾ ജനങ്ങളെ സഹായിക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കാത്തതും പ്രതിഷേധാർഹമാണ്.

ശ്രീ. വാഴൂർ സോമൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ട്രഷറി ഒരു ദിവസംപോലും പൂട്ടാതെ ധനകാര്യ മാനേജ്മെന്റ് സമർത്ഥമായി കൈകാര്യം ചെയ്യുന്ന ധനകാര്യ മന്ത്രിയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. സെസ്സുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനവുകാരണം മൊത്തം കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ പൂളിൽനിന്ന് സംസ്ഥാനവുമായി പങ്കുവയ്ക്കേണ്ട നികുതിയും തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവ് വരുത്തിയതിനാൽ കേന്ദ്ര സർക്കാർ സെസ്സുകളും സർചാർജ്ജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഇതിൽനിന്നുള്ള വരവ്

സംസ്ഥാനങ്ങൾക്കുകൂടി അനുപാതികമായി ലഭിക്കുന്ന തരത്തിലുള്ള നിയമ പരിരക്ഷാ സംവിധാനം കൊണ്ടുവരണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുകയുണ്ടായില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പാക്കിയത് സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. പ്രതിസന്ധികൾക്കിടയിലും നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും പദ്ധതി നിർവ്വഹണത്തിന് പരമാവധി വിഭവങ്ങൾ സമാഹരിക്കാനായി തീവ്ര ശ്രമം നടത്തുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): അപ്പലേറ്റ് ട്രിബ്യൂണലിന്റെ മൂന്ന് ബെഞ്ചുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനുവദിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഒരു ജുഡീഷ്യൽ മെമ്പറും ഒരു ടെക്നിക്കൽ മെമ്പറും എന്ന രീതിയിൽ രണ്ട് മെമ്പർമാർ എന്ന നിലയിലാണ് തീരുമാനിച്ചിട്ടുള്ളത്. ജി.എസ്.ടി. നിയമം നിലവിൽവന്ന് അഞ്ച് വർഷം കഴിഞ്ഞിട്ടും അപ്പീലിനുള്ള സംവിധാനമില്ലെന്നുള്ള പരാതി പരിഹരിച്ചുകൊണ്ടാണ് ട്രിബ്യൂണലുകൾ വരുന്നത്. ഓഡിറ്റ്, ഇൻവെസ്റ്റിഗേഷൻ, ടാക്സ് സർവ്വീസസ്

എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് പുനഃസംഘടന നടത്തിയ സംസ്ഥാനം കേരളമാണ്. ഇൻവെസ്റ്റിഗേഷൻ വിംഗും ടാക്സ് സർവ്വീസ് വിംഗുംകൂടി ചേർന്നുകൊണ്ട് 1064 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ലഭ്യമാക്കിയത്. ജി.എസ്.ടി. വകുപ്പിലെ ഓഡിറ്റിനായി ഒരു പ്രത്യേക വിംഗുണ്ടാക്കിയിട്ടുണ്ടെങ്കിലും ഇതുവരെ ഓഡിറ്റ് ആരംഭിച്ചിട്ടില്ല. പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഓഡിറ്റിംഗിനാവശ്യമായ മാസ്റ്റർ ട്രെയിനേഴ്സിനെയും മറ്റുള്ളവരെയും പരിശീലിപ്പിച്ച് ഓഡിറ്റിംഗ് നടത്തുന്നതോടെ വരുമാനത്തിലും അസസ്സ്മെന്റിലും വ്യത്യാസമുണ്ടാകും. ബില്ലുകൾ പരമാവധി വാങ്ങാനുള്ള ലക്കി ബിൽ ആപ് സംവിധാനത്തിന് ദേശീയതലത്തിൽ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചിട്ടുണ്ട്. ലിക്വിഡേഷൻ റിവൈവൽ പാക്കേജ് സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജ്വർ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന്റെ വരുമാനത്തിൽ രണ്ട് വർഷംകൊണ്ട് 24000 കോടി രൂപയുടെ വർദ്ധനവ് വന്നത് റിക്കാർഡ് നേട്ടമാണ്. റിസർവ് ബാങ്കിന്റെ കണക്ക് പ്രകാരം ഏറ്റവും കുറഞ്ഞ വില വർദ്ധനവുള്ള സംസ്ഥാനമാണ് കേരളം. ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഇരുപതിനായിരം കോടി രൂപയുടെ അധികബാധ്യത വന്നിട്ടുണ്ടെങ്കിലും

സർക്കാർ ജീവനക്കാർക്ക് മുടങ്ങാതെ ശമ്പളം നൽകുന്നുണ്ട്. ഇൻഡ്യയുടെ ആകെ നികുതി വരുമാനത്തിന്റെ 35 ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്കുള്ള വിഹിതമായി നൽകുന്നത്. രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വർണ്ണം കൊണ്ടുവരുന്നതിന് Intra State E-way Bill വേണമെന്നുള്ളത് അംഗീകരിച്ചിട്ടുണ്ട്. എല്ലാ മേഖലയിലും വിഹിതം പങ്കുവയ്ക്കുന്നതിൽ കേന്ദ്രസർക്കാർ കുറവ് വരുത്തുന്നുണ്ട്. കോഴിക്കോട് എയർപോർട്ട് വികസനം, നാഷണൽ ഹൈവേ ഡെവലപ്മെന്റ്, ഹിൽ ഹൈവേയുടെയും തീരദേശറോഡിന്റെയും വികസനം, പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം കേരളത്തിന്റെ ഇൻഫ്രാസ്ട്രക്ചർ മേഖലയിലുണ്ടായിട്ടുള്ള നേട്ടങ്ങളാണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നുണ്ടെങ്കിലും കേന്ദ്രസർക്കാർ സംസ്ഥാന വിഹിതം വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അർഹമായ സംസ്ഥാന വിഹിതം നേടിയെടുക്കുന്നതിന് കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവരും ഒരുമിച്ച് നിൽക്കേണ്ടതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള

നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

133, 135, 146, 147, 156, 158, 169, 172, 180, 185 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

133. In Clause 2(1) (a), after the words “ for the words” the words “ and symbol” shall be inserted.

135. In Clause 2(1) (a), after the symbol and words “ , the words ” the words “ and symbols” shall be inserted.

146. In Clause 2(2) after the figures and symbol “62,” the words, figure and symbols, “in sub-section (2),” shall be inserted.

147. In Clause 2(2)(a) the words, figure and symbols “in sub-section (2),” shall be deleted.

169. In the proviso proposed to be inserted to section 62(2) in the Kerala State Goods and Services Tax Act, 2017 by Clause 2(2)

(b), the word “paymet” shall be substituted with the word “payment”.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

125-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ വൈകുന്നേരം 5.41-ന് പിരിഞ്ഞു.)